# 15

No. WL1-8081/2007

*ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്*
*വഴുതക്കാട്*
*തിരുവനന്തപുരം*

## സർക്കുലർ നം. 1/2009 തീയതി 14.01.2009

വിഷയം : ആനകളെ വാഹനത്തിൽ കയറ്റി കൊണ്ടുപോകുന്നതുവഴിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് കേരള നാട്ടാന പരിപാലന ചട്ടങ്ങൾ അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

ആനകളെ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുന്നത് വഴിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കേരള നാട്ടാന പരിപാലന ചട്ടങ്ങൾക്ക് വിധേയമായി താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

1. ട്രാൻസ്പോർട്ടിംഗ് പെർമിറ്റിനുള്ള അപേക്ഷ ഉടമസ്ഥൻ നേരിട്ടോ ടിയാൻ നിയമാനുസൃതം അധികാരപ്പെടുത്തിയ വ്യക്തിയോ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

2. ആനയെ കൊണ്ടുപോകുന്നതിനുള്ള പെർമിറ്റിന് 15 ദിവസം മുമ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ ഈ സമയപരിധിയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

3. ആനകളെ കയറ്റിക്കൊണ്ടുപോകുന്നതിന് ചരക്ക് ലോറികൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. കഴിവതും മൃഗങ്ങളെ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളും അനുമതിയുമുള്ള ലോറികൾ മാത്രമേ ഉപയോഗിക്കാവൂ.

4. ലോറികൾക്ക് 420 സെ.മീ. - 480 സെ.മീ. വരെ നീളവും 360 സെ.മീറ്റർ x 200 സെ.മീ. വിസ്തൃതിയും ഉണ്ടായിരിക്കണം.

5. റോഡ് ട്രാൻസ്പോർട്ട് നിയമം അനുവദിക്കുന്ന ഏറ്റവും കുറഞ്ഞ ഉയരത്തിൽ പ്ളാറ്റ്ഫോം ഉള്ള ലോറി ആയിരിക്കണം ആനകളെ കൊണ്ടുപോകാൻ ഉപയോഗിക്കേണ്ടത്.

6. ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും ലോറിയുടെ വീതിക്കനുസരണമായി നീളമുള്ളതും 100 സെ. മീറ്ററോളം വീതിയുള്ളതുമായ ചവിട്ടുപടി ഉണ്ടായിരിക്കണം. ആയത് ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും മുമ്പ് ലോറിയുടെ ചേസിയോട് ബലമായി ഘടിപ്പിക്കേണ്ടതാണ്.

7. ആനയുടെ ഉയരത്തിന്റെ പകുതിയിൽ കുറയാത്ത ഉയരത്തിൽ സ്റ്റീൽ പൈപ്പുകൊണ്ടോ, തടി കൊണ്ടോ ബലമുള്ള വെച്ചുകെട്ട് വാഹനത്തിന് ഉണ്ടായിരിക്കണം. ആനയുടെ ശരീരത്തിന്റെ ഇരുവശവും നെടുകെയും മുന്നിലും പിന്നിലും കുറുകെയും ബലമുള്ളതും ഉറപ്പുള്ളതുമായ കഴ കൊണ്ട് താങ്ങ് കെട്ടേണ്ടതാണ്. ആനയ്ക്ക് മുന്നിൽ കുറുകെയുള്ള കഴ തുമ്പിക്കൈകൊണ്ട് ചുറ്റിപ്പിടിക്കാൻ പാകത്തിലുള്ളതായിരിക്കണം.

8. പാപ്പാന്റെ പക്കൽ പ്രഥമ ശുശ്രൂഷ (ഫസ്റ്റ് എയ്ഡ്) നല്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

9. വാഹനത്തിൽ ആനയുടമയുടെ ഫോൺ നമ്പരുകൾ രേഖപ്പെടുത്തിയ ബോർഡ് ഘടിപ്പിക്കണം.

10. ശക്തിയായ കുലുക്കം, പെട്ടെന്നുള്ള ബ്രേക്കിടൽ എന്നിവ ഒഴിവാക്കത്തക്കവണ്ണം ക്രമമായ വേഗതയിൽ മാത്രമേ ലോറി ഓടിക്കുവാൻ പാടുള്ളൂ. ലോറിയുടെ സഞ്ചാരവേഗത മണിക്കൂറിൽ 25 കിലോമീറ്ററിൽ കൂടാൻ പാടില്ല.

11. യാത്രയിലുടനീളം ആനയുടെ കൂടെ പ്ലാറ്റ്ഫോമിൽ നിർബന്ധമായും ഒരു പാപ്പാൻ ഉണ്ടായിരിക്കേണ്ടതാണ്. ടിയാന് ഇരിപ്പിടവും വെയിലും മഴയും ഏൽക്കാതിരിക്കാനുള്ള സൗകര്യവും വാഹനത്തിൽ ഉണ്ടായിരിക്കണം.

12. ആനപ്പിണ്ഡം, ആഹാരാവശിഷ്ടങ്ങൾ എന്നിവ റോഡിലുടനീളം ചിതറുന്നത് ഒഴിവാക്കുന്നതിനായി സൈഡ് ബോഡിയുള്ള ലോറി മാത്രമേ ആനയെ കൊണ്ടുപോകാൻ ഉപയോഗിക്കാവൂ.

13. യാത്രാവേളകളിൽ റോഡിന് കുറുകേ കാണുന്ന ഇലക്ട്രിക് വയറുകളും കേബിളുകളും സുരക്ഷിതമായി ഉയർത്തി അപകടം ഒഴിവാക്കുന്നതിന് ഒരു ഉണങ്ങിയ കഴ ലോറിയിൽ കരുതിയിരിക്കണം.

14. ലോറിയുടെ ക്യാബിന് അഭിമുഖമായി ക്യാബിനിൽനിന്ന് കുറഞ്ഞത് 60 സെ.മീറ്റർ അകലത്തിൽ എങ്കിലും ആനയെ നിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

15. ആനയ്ക്ക് ആവശ്യത്തിന് വെള്ളവും മതിയായ അളവിൽ വെട്ടിമുറിച്ച് കഷ്ണങ്ങളാക്കിയ പനംപട്ടയും വാഹനത്തിൽ ലഭ്യമാക്കേണ്ടതാണ്. ഭക്ഷണം കുറഞ്ഞ അളവിൽ കൂടുതൽ തവണ നൽകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

16. ആനയ്ക്ക് മുന്നിൽ ക്യാബിനോട് ചേർന്ന് ഭക്ഷണം നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. മൂത്രം, പിണ്ഡം, ജലം എന്നിവയാൽ തീറ്റ മലിനമാകാത്തവിധം 10 സെ.മീറ്ററോളം ഉയരത്തിൽ ആനയ്ക്ക് മുന്നിലായി തടികൊണ്ടുണ്ടാക്കിയ ഒരു പ്ലാറ്റ്ഫോമിൽ തീറ്റ ലഭ്യമാക്കേണ്ടതാണ്.

17. സഞ്ചാരവേളയിൽ ഇടച്ചങ്ങലകൊണ്ടുമാത്രം ആനയെ ബന്ധിപ്പിക്കേണ്ടതും കഴുത്തിലോ ഉടലിലോ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണോപാധികൾ പാടില്ലാത്തതുമാണ്.

18. അകലെ നിന്നുതന്നെ ആനയുടെ സാന്നിദ്ധ്യം മനസ്സിലാക്കത്തക്കവണ്ണം അതിന്റെ മുന്നിലും പിന്നിലും ചുവന്ന റിഫ്ളക്ടർ ഘടിപ്പിച്ചിരിക്കണം. എളുപ്പത്തിൽ തിരിച്ചറിയുന്നതിന് ആനയുടെ രൂപത്തിലുള്ള റിഫ്ളക്ടറുകൾ ഘടിപ്പിക്കുന്നതായിരിക്കും അഭികാമ്യം.

19. യാത്രാവേളയിൽ രാത്രിയിൽ ആനയെ നിരീക്ഷിക്കുന്നതിനും എതിരെ വരുന്ന വാഹനത്തിലെ ഡ്രൈവറുടെ ശ്രദ്ധ പതിയുന്നതിനുമായി ആനയുടെ സമീപം വെളിച്ചം ഉണ്ടായിരിക്കേണ്ടതാണ്.

20. ആനയെ വാഹനത്തിൽ കയറ്റുന്നതിന് മുമ്പ് വെറ്റിനറി ഡോക്ടറിൽനിന്നും നിയമാനുസൃതമുള്ള ഹെൽത്ത് സർട്ടിഫിക്കറ്റ് (valid Health Certificate) വാങ്ങിയിരിക്കേണ്ടതാണ്. ആയത് പാപ്പാന്റെ പക്കൽ കരുതുകയും വേണം.

21. മദപ്പാട് ഒഴിവാക്കാനായി ആനകൾക്ക് മരുന്ന് നല്കാൻ പാടില്ല.

22. ആനയ്ക്കും പാപ്പാനും യാത്രാവസാനം മതിയായ വിശ്രമം അനുവദിക്കേണ്ടതാണ്.

23. ആനപരിപാലനം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും ആനയെ വാഹനത്തിൽ കൊണ്ടുപോകുന്നതിനും ബാധകമായിരിക്കും.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട റെയിഞ്ചോഫീസർമാരും ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)

ചീഫ് വൈൽഡ്ലൈഫ് വാർഡൻ